# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 809 9/08/2017-ൽ മറുപടിയ്ക്ക്

### ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, അനൂപ് ജേക്കബ്<br>,, വി.ഡി.സതീശൻ<br>,, കെ.മുരളീധരൻ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ വനം വകുപ്പ് പ്രഖ്യാപിച്ച നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ; | (എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, പൂമരങ്ങൾ എന്നിങ്ങനെ വിവിധ ഇനം തൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ മത -രാഷ്ട്രീയ സംഘടനകൾ, പത്ര സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വഴിയോര തണൽ, സ്വകാര്യ ഭൂമിയിൽ 10 ഇനം വൃക്ഷ തൈകൾ നട്ടു പിടിപ്പിക്കുന്നതിനായി ധനസഹായം നൽകൽ, നദീ തീരങ്ങളിൽ മുള നട്ടു വളർത്തുന്ന പദ്ധതി, ഒരു വീട്ടിൽ ഒരു ഫലവൃക്ഷ പദ്ധതി, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, എക്സിബിഷനുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ, റാലികൾ, വനമിത്ര അവാർഡ് നൽകൽ തുടങ്ങി വിവിധയിനം |

പരിപാടികൾ വനം വകുപ്പ് സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കി വരുന്നു ഗ്രാമഹരിത സമിതികളുടെ സഹകരണത്തോടെ സ്കൂൾ കോമ്പൗണ്ട് ഹോസ്പിറ്റലുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ശുചീകരണം നടത്തുകയും, പൊതു കുളങ്ങൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ബി) മുൻ വർഷങ്ങളിലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച മരങ്ങളിൽ എത്ര ശതമാനം മരങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിലെ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച മരങ്ങളുടെ അതിജീവനത്തെക്കുറിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നിരുന്നാലും സ്കൂൾ, കോളേജ് മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നു ലഭിച്ച വിവരത്തിന്റെയും, സാമ്പിൾ സർവെയിലൂടെ ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏകദേശം 64% തൈകൾ ഇപ്പോഴും നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു

സി) വനം വകുപ്പ് നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിക്ക് ഇതിനകംഎത്ര തുക ചെലവാക്കിയെന്നും, ഈ പദ്ധതിയെക്കുറിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

(സി) വനം വകുപ്പ് നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതി പ്രകാരം 2017-ലെ ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് 734.30 ലക്ഷം രൂപ സോഷ്യൽ ഫോറസ്ട്രി വിഭാഗം ചെലവഴിച്ചിട്ടുണ്ട് സോഷ്യൽ ഓഡിറ്റിംങ്ങിന്റെ ഭാഗമായി വനംവകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ മറ്റുവകുപ്പിലെ ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും പി.റ്റി.എ. പ്രതിനിധികളെയും സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും, എൻ.ജി.ഒ.പ്രതിനിധികളെയും ഉൾപ്പെടുത്തി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികളാണ് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് കൃത്യമായി വിലയിരുത്തലും പരിപാലനവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ഇതിനായി ഹയർ എഡ്യൂക്കേഷൻ

ഡിപ്പാർട്ട്മെന്റിന്റെയും പൊതു വിദ്യാഭ്യാസവകുപ്പിന്റെയും തദ്ദേശസ്വയംഭരണവകുപ്പിന്റെയും സർക്കുലർ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ